## നീര ഉൽപ്പാദിപ്പിക്കാൻ അനുമതി

# സമ്പൽസമൃദ്ധിയിലേക്ക് നയിക്കാൻ വീണ്ടും നാളികേരം

ഒരു കാലത്ത് ഈ നാട്ടിലെ ജനങ്ങൾക്ക് ആവശ്യമായതെല്ലാം പ്രദാനം ചെയ്തിരുന്ന നാളികേരം വീണ്ടും കൽപ്പവൃക്ഷമാകുന്നു!

കർഷകരുടെ ദീർഘകാലത്തെ ആവശ്യം അംഗീകരിച്ചുകൊണ്ട് സംസ്ഥാനത്ത് തെങ്ങിൽ നിന്ന് നീര ഉൽപ്പാദിപ്പിക്കാൻ സർക്കാർ അനുമതി നൽകിയതോടെ തെങ്ങിന്റെ സുവർണദശ വീണ്ടും ആരംഭിക്കുകയാണ്. ഒപ്പം തെങ്ങിനെ ആശ്രയിച്ചു വന്ന ഈ കേരളം തെങ്ങിലൂടെ തന്നെ സമ്പൽസമൃദ്ധിയിലേയ്ക്ക് നീങ്ങുമെന്നാണ് പ്രതീക്ഷ.

കള്ള് ചെത്ത് വ്യവസായത്തെ പൂർണമായും സംരംക്ഷിച്ചു കൊണ്ട് പരീക്ഷണാടിസ്ഥാനത്തിൽ നീര പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കാനാണ് കേരള സർക്കാർ തീരുമാനിച്ചിരിക്കുന്നത്. നാളികേര വികസന ബോർഡിനു കീഴിലുള്ള ഫെഡറേഷനുകൾക്കും കമ്പനികൾക്കും മാത്രമായിരിക്കും നീര ഉൽപ്പാദിപ്പാക്കുനുള്ള അനുമതിയെന്ന് എക്സൈസ് മന്ത്രി കെ ബാബു വ്യക്തമാക്കിയിട്ടുണ്ട്.

ഓരോ ജില്ലകളിലും 1500 തെങ്ങുകളുള്ള ഓരോ യൂണിറ്റുകളിലാണ് ഇപ്പോൾ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നത്. എല്ലാ കള്ളുഷാപ്പുകളും ലേലത്തിൽ പോകാത്ത തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ രണ്ട് യൂണിറ്റുകൾക്കും അനുമതി നൽകും.

ഏതാണ്ട് 24000 തെങ്ങുകളിൽ നിന്ന് നീര ഉൽപ്പാദിപ്പിക്കാനാണ് ഇപ്പോൾ അനുമതി എന്നർത്ഥം. അതായത് 100 കോടി രൂപയോളം അധികം വാർഷിക വരുമാനം നേടിത്തരാൻ പ്രാപ്തമായ തീരുമാനമാണിതെന്നാണ് ബന്ധപ്പെട്ടവർ പറയുന്നത്. നീര ഉൽപ്പാദനത്തിന് ആവശ്യമായ ഭേദഗതികൾ അബ്കാരി ചട്ടങ്ങളിൽ ഉൾപ്പെടുത്താനും തീരുമാനമായിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന നീര ഉൽപ്പാദനം വിജയകരമായി മുന്നോട്ട് കൊണ്ടു പോകാൻ കഴിഞ്ഞാൽ വൈകാതെ തന്നെ വാണിജ്യാടിസ്ഥാനത്തിൽ നീരയുൽപ്പാദനം ഇവിടെ യാഥാർത്ഥ്യമാകും. അതോടെ നീര ഉപയോഗിച്ചുള്ള വിവിധ മൂല്യവർധിതെ ഉൽപ്പന്നങ്ങളുടെ നിർമാണത്തിനും അവസരം ഒരുങ്ങും. അത് കൂടുതൽ സ്വയം തൊഴിൽ സംരംഭങ്ങൾക്കും ലക്ഷക്കണക്കിനു പുതിയ തൊഴിലുകളും യാഥാർത്ഥ്യമാക്കുമെന്നാണ് കണക്കുകൂട്ടൽ.

ഇതിനുമേറെ അപ്പുറമാണ് സർക്കാരിന്റെ പുതിയ തീരുമാനം കൊണ്ട് ഇവിടെയുണ്ടാകാൻ പോകുന്ന മാറ്റങ്ങൾ. തെങ്ങിൽ നിന്ന് സ്ഥിരവും ആകർഷകവുമായ വരുമാനം ഉറപ്പാകുന്നതോടെ കൂടുതൽ പേർ തെങ്ങുകൃഷിയിൽ ശ്രദ്ധിക്കും. അത് കർഷകർക്ക് കൂടുതൽ ഗുണകരമാകുമെന്നതിനൊപ്പം കർഷക തൊഴിലാളികൾക്കും ഫലം ചെയ്യും. തെങ്ങുകയറ്റം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർക്ക് മികച്ച വരുമാനം അതിൽ നിന്നു നേടാം. ബോർഡിന്റെ മേൽനോട്ടത്തിൽ യന്ത്രവൽകൃത തെങ്ങുകയറ്റ പരിശീലനം നേടിയവർ ദിവസം ആയിരം രൂപയെങ്കിലും വരുമാനം നേടുന്നുണ്ടെന്നാണ് കണക്ക്. അത്തരം സാധ്യതകളും ഇനി വർധിക്കും.



നീര ഉൽപ്പാദിപ്പിക്കാനും അത് സംസ്ക്കരിച്ച് സൂക്ഷിക്കാനും മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി മാറ്റാനും എല്ലാമുള്ള പരിശീലനം നാളികേര വികസന ബോർഡ് നൽകുന്നുണ്ട്. നീര സംസ്ക്കരണ യൂണിറ്റുകൾക്ക് നിർമാണചെലവിന്റെ 25% ബോർഡ് സബ്സിഡിയുമുണ്ട്. ബോർഡിന്റെ ആഭിമുഖ്യത്തിൽ കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിലും കേരകർഷകരുടെ കൂട്ടായ്മയായ നാളികേരോൽപ്പാദന സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇത്തരം കൂട്ടായ്മകൾക്ക് നീര ഉൽപ്പാദിപ്പിച്ച് വാണിജ്യാടിസ്ഥാനത്തിൽ വിപണനം ചെയ്യാനാകും. കർണാടകയിൽ ബോർഡിന്റെ സബ്സിഡിയോടെ ഇത്തരം നീര യൂണിറ്റ് പ്രവർത്തന സജ്ജമാണ്.